കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - റിട്ടയേർഡ് സൂപ്രണ്ട് ശ്രീ. സി.എം. അജയകുമാറിന്റെ അപേക്ഷ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.==========================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 1388/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 08.05.2015

==========================================================================

പരാമർശം:- 1) ശ്രീ. സി.എം. അജയകുമാറിന്റെ തീയതി രേഖപ്പെടുത്താത്ത അപേക്ഷ.
2) നഗരകാര്യ ഡയറക്ടറുടെ 27.03.2013, 29.08.2014, 02.03.2015 തീയതികളിലെ ഇ6-16232/11 നമ്പർ കത്തുകൾ.

**ഉത്തരവ്**

കണ്ണൂർ നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവേ 31.3.2010-ൽ കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ.സി.എം. അജയകുമാറിന് 16.09.1985 മുതൽ മുൻകാല പ്രാബല്യം നൽകി യു.ഡി. തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയിരുന്നുവെന്നും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ സ്ഥാനക്കയറ്റങ്ങൾ മുൻകാല പ്രാബല്യത്തോടെ പ്രമോഷൻ പുനഃസ്ഥാപിച്ച് നൽകണമെന്നും ടിയാൻ അപേക്ഷിച്ചിരിക്കുന്നു. ടിയാളുടെ അപേക്ഷയിന്മേൽ നഗരകാര്യ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണത്തിൽ ശ്രീ.സി.എം. അജയകുമാറിന്റെ സേവനപുസ്തകത്തിൽ ബോധപൂർവ്വമായ തിരുത്തലുകൾ വരുത്തിയുള്ളതായി കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാൻ ഉദ്യോഗക്കയറ്റത്തിനാവശ്യമായ വകുപ്പുതല പരീക്ഷകൾ പാസ്സായതായി രേഖപ്പെടുത്തിയിട്ടുള്ളതിൽ വർഷം 1985 എന്നതിൽ പലയിടത്തും 5 എന്നത് വെട്ടിത്തിരുത്തലുകൾ വരുത്തിയിട്ടുള്ളതാണ്. ആയതിൽ നിന്നും ടിയാൻ കെ.എസ് & എസ്.എസ്.ആർ. ചട്ടം 13 എ(1)(9) പ്രകാരമുള്ള ഇളവ് ലഭിക്കേണ്ട കാലയളവിൽ വകുപ്പുതല പരീക്ഷ പാസ്സായതായി കാണിക്കുന്നതിനുവേണ്ടിയാണ് ടി തിരുത്തലുകൾ വരുത്തിയിട്ടുള്ളതെന്ന് കാണാവുന്നതാണ്. ടിയാന്റെ സേവനപുസ്തകം പരിശോധിച്ചതിൽ പേജ് 4-ൽ കേരള മുനിസിപ്പൽ ടെസ്റ്റ് പാസ്സായ തീയതി 15.09.1983 എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ (83) തിരുത്തി

എഴുതിയിട്ടുള്ളതായി കാണുന്നു. കൂടാതെ കേരള മുനിസിപ്പൽ ടെസ്റ്റ് III പേപ്പർ 29.05.1985 എന്നു രേഖപ്പെടുത്തിയതിലും ഗസറ്റ് തീയതി 12.12.1985 എന്ന് രേഖപ്പെടുത്തിയതിലും ഫയൽ നം. ജി3-20001/85, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ, തീയതി, വർഷം സഹിതം രേഖപ്പെടുത്തലുകൾ നടത്തിയതിൽ വർഷം തിരുത്തിയതായി കാണാവുന്നതാണ്. ടി രേഖപ്പെടുത്തലുകൾ 12.01.1985-ൽ കമ്മീഷണർ തലശ്ശേരി നഗരസഭ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സേവന പുസ്തകത്തിലെ മറ്റ് രേഖപ്പെടുത്തലുകൾ പ്രകാരം 1988 ലാണ് (സർവ്വീസ് ബുക്ക് പേജ് 16) ടി കമ്മീഷണർ തലശ്ശേരി നഗരസഭയിൽ ചാർജ്ജെടുത്തതായി കാണുന്നത്. ഇതു സംബന്ധിച്ച് കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ ടിയാന്റെ സേവന പുസ്തകത്തിൽ തിരുത്തലുകൾ എല്ലാം തന്നെ പിന്നീട് നടന്നിട്ടുള്ളതായും കമ്മീഷണറുടെ ഒപ്പിന്റെ കീഴിൽ തീയതി രേഖപ്പെടുത്തിയിട്ടുള്ളതിലും, വർഷം രേഖപ്പെടുത്തിയിട്ടുള്ളതിലും തിരുത്തൽ വരുത്തിയിട്ടുള്ളതായി കാണാവുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ സേവന പുസ്തകത്തിൽ പല വിധത്തിലുള്ള തിരുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിലും നഗരസഭാ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതാണ്.

മേൽ സാഹചര്യത്തിലും സീനിയോറിറ്റി സംബന്ധിച്ച പരാതിക്കാരന്റെ അവകാശവാദം രേഖാമൂലം തെളിയിക്കുന്നതിന് ടിയാന് കഴിയാതെ വന്നിട്ടുള്ളതും ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടായതായി കരുതുന്ന അവസരങ്ങളിൽ അപ്പപ്പോൾ പരിഹാര നടപടിയ്ക്ക് ശ്രമിക്കാതിരുന്നിട്ടുള്ളതും സർവ്വോപരി ആദ്യ ഉദ്യോഗക്കയറ്റം ലഭിച്ച് വർഷങ്ങളോളം കഴിഞ്ഞാണ് ഇക്കാര്യത്തിൽ ടസ്സവാദമുന്നയിച്ചിട്ടുള്ളതെന്നതും കണക്കിലെടുത്ത് ശ്രീ.സി. എം. അജയകുമാറിന്റെ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**സൈമൺ.എച്ച്.,**
**ഡെപ്യൂട്ടി സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
(ശ്രീ. സി.എം. അജയകുമാറിന്റെ സേവന പുസ്തകം ഉൾപ്പെടെ)
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ശ്രീ. സി.എം. അജയകുമാർ, മാധവി, കോട്ടം. പി.ഒ., കണ്ണൂർ-670 622.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**